കലാപം സി.പി.എം. ആസൂത്രണം ചെയ്തത്: രമേഷ് ചെന്നിത്തല പേജ് 5

24 പേജ്

# 4PM പ്രസ്സ്ഫോം

THE FIRST EVENING DAILY FROM MIDDLE EAST

വില: 100 Fils | വെള്ളി, ആഗസ്റ്റ് 3, 2012 | റമദാൻ 15, 1433 | കർക്കിടകം 19, 1187 | Issue No: 0093




## ഒളിമ്പിക്സ് ബാഡ്മിന്റൺ: സെമിയിൽ സൈന പുറത്ത്

ലണ്ടൻ: ഒളിമ്പിക്സ് ബാഡ്മിന്റണിൽ ഇന്ത്യയുടെ സ്വർണമെഡൽ പ്രതീക്ഷയായിരുന്ന സൈന നെഹ്‌വാൾ സെമിയിൽ പുറത്ത്. ലോക ഒന്നാം നമ്പർ താരം ചൈനയുടെ വാംഗ് യിഹാനാണ് സൈനയെ പരാജയപ്പെടുത്തിയത്. സെമിയുടെ സമ്മർദ്ദം മൂലമുണ്ടായ പിഴവുകളാണ് സൈനയ്ക്ക് വിനയായത്. ആദ്യ ഗെയിം നഷ്ടപ്പെടുത്തിയ സൈന രണ്ടാം ഗെയിമിൽ തിരിച്ചുവരവിന്റെ സൂചന നൽകിയെങ്കിലും വാംഗ് യിഹാന്റെ പരിചയസമ്പത്തിന് മുന്നിൽ മുട്ടുമടക്കുകയായിരുന്നു. രണ്ട് ഗെയിമുകളിലും ആദ്യ ഘട്ടത്തിൽ എതിരാളിയുടെ ഒപ്പത്തിനൊപ്പം എത്തിയിരുന്ന സൈന ഗെയിമിന്റെ ഫിനിഷിംഗ് പോയിന്റുകളിൽ തീർത്തും നിരാശപ്പെടുത്തി. സ്കോർ 21-13, 21-13. ഇനി വെങ്കലമെഡലിനായി സൈനയ്ക്ക് മത്സരിക്കാം.

UAE EXCHANGE
Service is our Currency
Customer care : Tel : +973 17228224
SMS Touch point :: 32223005
Email: customer.care@bh.uaeexchange.com
ഇന്നത്തെ വിനിമയ നിരക്ക് BD 1 = Rs. 146.190

# വിളപ്പിൽശാല സമരാഗ്നിയിൽ

## പോലീസ് പിൻവാങ്ങി

തിരുവനന്തപുരം: വിളപ്പിൽശാല മാലിന്യസംസ്കരണ പ്ലാന്റിൽ പുതിയ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനെതിരെ ജനങ്ങൾ നടത്തുന്ന സമരത്തിന് വിജയം. ജനകീയ രോഷം ചെറുത്തുനിൽക്കാനാവാതെ 12 മണിയോടെ പോലീസ് പിൻവാങ്ങി. യന്ത്രങ്ങൾ എത്തിക്കാൻ കഴിഞ്ഞില്ലെന്നും വിളപ്പിൽശാലയിൽ ഉണ്ടായ സംഭവങ്ങളും കോടതിയെ അറിയിക്കുമെന്ന് എ.ഡി.എം. അറിയിച്ചു. യന്ത്രങ്ങളുമായി പോലീസ് പിൻവാങ്ങിയതോടെ ജനങ്ങൾ റോഡിൽ ആഹ്ലാദപ്രകടനം നടത്തി.

മാലിന്യസംസ്കരണ പ്ലാന്റിൽ ജലശുദ്ധീകരണ ഉപകരണങ്ങൾ സ്ഥാപിക്കാൻ ഇന്നുവരെയാണ് ഹൈക്കോടതി സമയം അനുവദിച്ചിരുന്നത്. ഈ സാഹചര്യത്തിലായിരുന്നു പോലീസ് സംരക്ഷണയിൽ നഗരസഭ ഉപകരണങ്ങളുമായി പ്രദേശത്ത് എത്തിയത്. ഏതാനും ദിവസമായി ജനങ്ങൾ പ്രദേശത്ത് ഉപരോധം തീർത്തുവരികയായിരുന്നു. സമരം ചെയ്യുന്ന ജനക്കൂട്ടത്തെ പോലീസ് ബലപ്രയോഗത്തിലൂടെ നീക്കാൻ ശ്രമിച്ചതോടെയാണ് സംഘർഷം രൂക്ഷമായത്. രാവിലെ പത്തരയോടെ നഗരസഭയിൽ നിന്നും പുതിയ ഉപകരണങ്ങളുമായി ലോറികൾ വിളപ്പിൽശാലയിൽ എത്തിയെങ്കിലും ജനക്കൂട്ടം റോഡ് ഉപരോധിച്ച് പ്രതിഷേധ പൊങ്കാലയിട്ടു.

പോലീസ് സമരക്കാർക്കടുത്തേക്ക് എത്തുന്നത് തടയാൻ റോഡിൽ പലയിടങ്ങളിലായി തീയിട്ടു. ജനക്കൂട്ടത്തെ അറസ്റ്റു ചെയ്തുനീക്കുന്നതിനിടെ തിളച്ചുമറിയുന്ന പൊങ്കാലക്കലം ആരോ പോലീസിനു നേരെ എറിഞ്ഞു. തിളച്ച പൊങ്കാല മുഖത്ത് വീണ് രണ്ടു വനിതാ പോലീസിനു പൊള്ളലേറ്റു. വട്ടപ്പാറ സ്റ്റേഷനിലെ സനിത, ഷീന എന്നിവർക്കാണ് പരുക്കേറ്റത്. സംഘർഷത്തെ തുടർന്ന് സ്ഥിതി കൂടുതൽ രൂക്ഷമാകുമെന്നും അതു നേരിടാൻ സർക്കാർ സംവിധാനം പര്യാപ്തമല്ലെന്നും ഡോക്ടർമാർ ഉൾപ്പെടെയുള്ളവർ സർക്കാരിന് മുന്നറിയിപ്പ് നൽകിയതോടെയാണ് പോലീസ് പിൻമാറാൻ തയ്യാറായതെന്ന് കരുതുന്നു.

അയ്യായിരത്തോളം നാട്ടുകാരാണ് നഗരസഭയുടെ നീക്കം ചെറുക്കാൻ സമരം ചെയ്യുന്നത്. സമരക്കാർക്ക് പിന്തുണയുമായി എത്തിയ സ്ഥലം എം.എൽ.എ. കൂടിയായ ഡെപ്യൂട്ടി സ്പീക്കർ എൻ. ശക്തൻ സ്ഥിതിഗതി മുഖ്യമന്ത്രിയെ അറിയിച്ചു. സമരം ചെയ്യുന്നവരെ ബലം പ്രയോഗിച്ച് നീക്കരുതെന്നും അനിഷ്ട സംഭവങ്ങൾ ഉണ്ടാകരുതെന്നും പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദനും മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടു. എന്നാൽ കോടതി വിധി നടപ്പാക്കുമെന്ന നിലപാടിലായിരുന്നു നഗര മാലിന്യ സംസ്കരണമന്ത്രി മഞ്ഞളാംകുഴി അലി.

# കാസർകോട് ഹർത്താൽ പൂർണ്ണം

## മനോജിന്റെ പോസ്റ്റ്മോർട്ടം കോഴിക്കോട്

കാസർകോട്: ഇന്നലെ ഹർത്താലിനെ തുടർന്നുണ്ടായ സംഘർഷത്തിനിടയിൽ മരണപ്പെട്ട ഡി.വൈ.എഫ്.ഐ. ഉദുമ പള്ളിക്കര കീക്കാൻ യൂണിറ്റ് പ്രസിണ്ട് ആലിങ്കാലിൽ ടി. മനോജി(24)ന്റെ മൃതദേഹം വിദഗ്ധ പോസ്റ്റുമോർട്ടത്തിന് കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് മാറ്റി. നേരത്തെ പരിയാരം മെഡിക്കൽ കോളേജിൽ പോസ്റ്റുമോർട്ടം നടത്താനായിരുന്നു തീരുമാനിച്ചത്. എന്നാൽ മരണത്തെ കുറിച്ചുള്ള ദുരൂഹത അകറ്റാനും വിവാദങ്ങൾ ഒഴിവാക്കാനും കോഴിക്കോട് മെഡിക്കൽ കോളേജിലെ ഫോറൻസിക് വിഭാഗം മേധാവി ഡോ. ഷേർളിമാത്യുവിന്റെ നേതൃത്വത്തിലുള്ള വിദഗ്ധസംഘം പോസ്റ്റുമോർട്ടം നടത്തണമെന്ന് പോലീസ് തീരുമാനിക്കുകയായിരുന്നു. പോലീസിലെ ഉന്നത ഉദ്യോഗസ്ഥർ സി.പി.എം. നേതാക്കളുമായി ചർച്ച നടത്തിയാണ് പോസ്റ്റുമോർട്ടം കോഴിക്കോട്ടേക്ക് മാറ്റാൻ തീരുമാനിച്ചത്.

അതിനിടെ മനോജിന്റെ മരണത്തെ കുറിച്ച് അന്വേഷിക്കാൻ കാഞ്ഞങ്ങാട് എ.എസ്.പി. എച്ച്. മഞ്ജുനാഥയുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചതായി ജില്ലാ പോലീസ് സൂപ്രണ്ട് എസ്. സുരേന്ദ്രൻ അറിയിച്ചു.

ഇന്നലെ രാവിലെ 12 മണിയോടെയാണ് ഡി.വൈ.എഫ്.ഐ. നേതാവ് മനോജ് മരണപ്പെട്ടത്. ഹർത്താൽ അനുകൂല പ്രകടനം നടത്തി തിരിച്ചുവരവേ മനോജ് ഉൾപ്പെട്ട സംഘത്തിന് നേരെ ബൈക്കിലെത്തിയ ലീഗ് പ്രവർത്തകർ ആക്രമിച്ച് കൊലപ്പെടുത്തിയെന്നാണ് സി.പി.എം. കേന്ദ്രങ്ങൾ ആരോപിക്കുന്നത്. ലീഗാകട്ടെ പൂർണമായും ഇത് നിഷേധിക്കുന്നു.

കോഴിക്കോട് മെഡിക്കൽ കോളേജിലെ വിദഗ്ധ പോസ്റ്റുമോർട്ടത്തിന് ശേഷം മൃതദേഹം വിലാപയാത്രയായി ജന്മനാട്ടിലേക്ക് കൊണ്ടുവരുമെന്ന് സി.പി.എം. കേന്ദ്രങ്ങൾ അറിയിച്ചു.

മനോജിന്റെ മരണത്തെ തുടർന്ന് ഇടതുമുന്നണി ജില്ലയിൽ ആഹ്വാനം ചെയ്ത ഹർത്താൽ അങ്ങി



ങ്ങായി ചില അക്രമ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തു. എങ്കിലും സ്ഥിതിഗതികളും പൊതുവെ സമാധാനപരമാണ്. പ്രവാസി ലീഗ് നിയോജകമണ്ഡലം പ്രസിഡണ്ട് പി.എ. റഹ്മാന്റെയും മുനിസിപ്പൽ പ്രസിഡണ്ട് സി. അബ്ദുള്ള ഹാജിയുടെയും ഉടമസ്ഥതയിലുള്ള കോട്ടച്ചേരി ബസ്സ്റ്റാന്റ് പരിസരത്തുള്ള കാഫിയ ട്രേഡേർസ് മലഞ്ചരക്ക് സ്ഥാപനം കത്തി നശിച്ചു. അഞ്ച് ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കുന്നു.

കാഞ്ഞങ്ങാട്ട് റെയിൽവെ സ്റ്റേഷൻ റോഡിൽ പ്രവർത്തിക്കുന്ന മുസ്ലിം ലീഗ് കാഞ്ഞങ്ങാട് നിയോജക മണ്ഡലം കമ്മിറ്റി ഓഫീസ് ഒരു സംഘം അടിച്ചു തകർത്തു. അരയിൽ പാലക്കാലിലുള്ള മുസ്ലിം ലീഗ് ശാഖാ കമ്മിറ്റി ഓഫീസ് പ്രവർത്തിക്കുന്ന സി.എച്ച്. സൗധത്തിന് ഒരു സംഘം തീയിട്ടു. മൊഗ്രാൽപുത്തൂർ പഞ്ചായത്ത് ലീഗ് ഓഫീസിന് നേരെ ഇന്നുപുലർച്ചെ കല്ലേറ് നടന്നു. രാവിലെ നുള്ളിപ്പാടിയിൽ വാഹനങ്ങൾ തടയാൻ ശ്രമിച്ച ഹർത്താൽ അനുകൂലികളെ പോലീസ് ലാത്തി വീശി വിരട്ടിയോടിച്ചു. പെരുമ്പളക്കടവിലും പോലീസ് ലാത്തി വീശി.

ജില്ലയിൽ ഉടനീളം കനത്ത പോലീസ് ബന്തവസ്സ് ഏർപ്പെടുത്തിയിട്ടുണ്ട്. ബേക്കൽ പോലീസ് അതിർത്തിയിൽ സ്ഥിതിഗതികൾ പൂർണ്ണമായും ശാന്തമാണ്. മലപ്പുറത്ത് നിന്ന് എം.എസ്.പി. പോലീസുകാരെ മേൽപ്പറമ്പ്, കളനാട്, ഉദുമ, ബേവൂരി, പാലക്കുന്ന്, ബേക്കൽ, പള്ളിക്കര, തച്ചങ്ങാട്, പെരിയാട്ടടുക്കം തുടങ്ങിയ മേഖലയിൽ എം.എസ്.പിക്കാരെ വിന്യസിച്ചിരിക്കുകയാണ്. പോലീസ് പട്രോളിംഗും പിക്കറ്റ് പോസ്റ്റും വ്യാപകമായി.

ഉത്തരമേഖല ഐ.ജി. ജോസ് ജോർജ്ജ്, ബേക്കലിൽ ക്യാമ്പ് ചെയ്ത് ക്രമസമാധാന പാലനത്തിന് നേരിട്ട് നേതൃത്വം നൽകി വരുന്നു. പാലക്കുന്നിൽ ഹർത്താൽ അനുകൂലികൾ റോഡ് മാർഗ്ഗം തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. ദീർഘ ദൂര ലോറികളുൾപ്പെടെ നിരവധി വാഹനങ്ങൾ ചാലിങ്കാൽ ദേശീയ പാതയ്ക്ക് അരികിൽ നിർത്തിയിട്ടിരിക്കുകയാണ്.

مركـز كيمـز البحريـن الصـحي
KIMS BAHRAIN MEDICAL CENTRE

### നിസ്കാര സമയം

ഇന്ന്:

| | |
|---|---|
| അസ്ർ | : 03.14 |
| മഗ്‌രിബ് | : 06.24 |
| ഇശാ | : 07.54 |

നാളെ:

| | |
|---|---|
| സുബ്ഹ് | : 03.40 |
| ളുഹർ | : 11:44 |
| അസർ | : 03.14 |
| മഗ്‌രിബ് | : 06.23 |
| ഇശാ | : 07.53 |

### നോമ്പുതുറ സമയം

ഇന്ന്: 06:24

നാളെ: 06:23